**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3305 — 19.10.2016-ൽ മറുപടിയ്ക്ക്

**കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്**

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| സ്കൂൾ വിദ്യാഭ്യാസകാലം മുതൽ ഓരോ ആവശ്യത്തിനും കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നത് ഒഴിവാക്കുന്നതിനായി ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | പട്ടികജാതി പട്ടികവർഗ്ഗ മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് നിലവിൽ നൽകിവരുന്ന 6 മാസത്തെ ഉപയോഗസാധുത മാത്രമുള്ള കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് വീണ്ടും വാങ്ങേണ്ടിവരുന്നത് ഇവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെങ്കിലും അനർഹർ ടി വിഭാഗങ്ങളിലേയ്ക്ക് കടന്നുകൂടുന്നതു തടയാൻ കഴിയും. നിലവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്തവർക്ക് മുമ്പെപ്പോഴെങ്കിലും അനർഹമായി ലഭിച്ച കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റുകൾ സംവരണാവകാശങ്ങൾ നേടുന്നതിനായി ഉപയോഗിക്കുന്ന വിവരം അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ടി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് സ്ഥിരം സംവിധാനമേർപ്പെടുത്തിയാൽ അനർഹമായി സർട്ടിഫിക്കറ്റ് നേടിയവരെ സംരക്ഷിക്കുന്നതിനിടവരുത്തും. എങ്കിലും ജാതി സർട്ടിഫിക്കറ്റിന്റെ കാലാവധി ഒരു വർഷമായി നിജപ്പെടുത്തുന്നതിന് 1996-ലെ കേരള (പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും) സമുദായ സാക്ഷ്യപത്രങ്ങൾ നൽകൽ ക്രമപ്പെടുത്തൽ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ